ദിനാചരണ വേളയിൽ ഞാൻ പറഞ്ഞതുപോലെ കാലിക്കട്ട് യൂണിവേഴ്സിറ്റി യുടെ പരിധിക്കുള്ളിൽ ഒരു ഇന്റർനാഷണൽ അറബിക് സ്റ്റഡി സെന്റർ സ്ഥാപിക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു, അതിനുള്ള നടപടികളുമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. അത്തരമൊരു സാഹചര്യത്തിൽ ഈ ഗവൺമെന്റ് ന്യൂനപക്ഷ ഭാഷകളുടെ പഠനത്തിന് എന്തെങ്കിലും പ്രാധാന്യം കുറച്ചു കാണുന്നതായിട്ടുള്ള ആരോപണം ഉന്നയിക്കുന്നത് ദൗർഭാഗ്യകരമാണെന്നുകൂടി പറയുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഒരു വിഷയം ഉന്നയിച്ചിരുന്നു. അറബി, ഉറുദു തുടങ്ങിയ ഭാഷകളിൽ അധ്യാപകരാകാൻ ആരുമില്ലാത്ത ഒരു സ്ഥിതി കേരളത്തിൽ മുമ്പുണ്ടായിരുന്നു. അപ്പോഴാണ് ഒരു കമ്മീഷന്റെ നേതൃത്വത്തിൽ ഒരു താൽക്കാലിക പരീക്ഷ നടത്തി കുറെ ആളുകളെ യോഗ്യതയുള്ളവരാക്കി അറബി അധ്യാപകരും ഉറുദു അധ്യാപകരുമായൊക്കെ നിയമിച്ചിരുന്നത്. ഇപ്പോൾ നമ്മുടെ നാട്ടിൽ പൂർണ്ണ യോഗ്യതയുള്ള ധാരാളം ആളുകൾ പ്ലസ് ടു-വും ബിരുദവും പാസ്സായി വരുന്നുണ്ട്. അവരെല്ലാം തൊഴിലില്ലാതെ നിൽക്കുമ്പോൾ ഒരു അര പരീക്ഷ നടത്തി ആളുകളെ ലഭ്യമാക്കേണ്ട ആവശ്യമില്ല. ഈ മാറ്റം ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കുമെന്നാണ് വിചാരിക്കുന്നത്.

### 7. മമ്പാട്, തുവൂർ പഞ്ചായത്തുകളിലെ റോഡുകൾ ഗതാഗതയോഗ്യമാക്കാൻ നടപടി

ശ്രീ. എ. പി. അനിൽകുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ മമ്പാട്, തുവൂർ എന്നീ രണ്ട് പഞ്ചായത്തുകളിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് റോഡുകളായ ഏതാണ്ട് പതിനഞ്ച് കിലോമീറ്ററോളം വരുന്ന പുള്ളിപ്പാടം-ഓടായിക്കൽ റോഡും അരിമണൽ-നീലാഞ്ചേരി റോഡും പൂർണ്ണമായി തകർന്ന് ഗതാഗത യോഗ്യമല്ലാത്തതിനാൽ നിലവിലുണ്ടായിരുന്ന ബസ്സ് സർവ്വീസുപോലും നിർത്തിവച്ച സാഹചര്യമാണുള്ളത്. മുമ്പ് പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത ഈ രണ്ട് റോഡുകളും ഇന്ന് പി.ഡബ്ല്യൂ.ഡി ലിസ്റ്റിലില്ല. ത്രിതല പഞ്ചായത്തുകൾക്ക് നൽകിയെന്നാണ് പറഞ്ഞതെങ്കിലും ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ ലിസ്റ്റിലും ഈ റോഡ് ഇന്ന് കാണാനില്ല. എവിടെയും ഇല്ലാത്ത ഈ സാഹചര്യത്തിൽ ജനങ്ങൾ ആകെ ബുദ്ധിമുട്ടിലാണ്. വളരെ പ്രധാനപ്പെട്ട ചാലിയാർ പുഴയ്ക്ക് കുറുകെയുള്ള ഈ റോഡ് ഒറ്റപ്പെട്ട ഒരു പ്രദേശത്തെ ബന്ധിപ്പിക്കുന്ന റോഡാണ്. പ്രസ്തുത റോഡ് തകർന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് പോകാൻ ഓട്ടോറിക്ഷാ പോലുമില്ലാത്ത സാഹചര്യമാണുള്ളത്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവന്നതാണ്. ഈ റോഡുകൾ എത്രയും പെട്ടെന്ന് ഗതാഗത യോഗ്യമാക്കിത്തീർക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, വണ്ടൂർ നിയോജക മണ്ഡലത്തിൽപ്പെട്ട മമ്പാട് പഞ്ചായത്തിലെ മുണ്ടേങ്കര-പുള്ളിപ്പാടം-ഓടായിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

റോഡും തൂവൂർ പഞ്ചായത്തിലെ തൂവൂർ-നീലാഞ്ചേരി-അരിമണൽ റോഡും 14-8-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിലനിർത്താൻ ഉത്തരവായ മേജർ ഡിസ്ട്രിക്ട് റോഡുകളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും മമ്പാട് പഞ്ചായത്തിലെ മുണ്ടേങ്കര-പുള്ളിപ്പാടം റോഡിന് 250 ലക്ഷം രൂപയുടേയും തൂവൂർ പഞ്ചായത്തിലെ തൂവൂർ-നീലാഞ്ചേരി റോഡിന് 300 ലക്ഷം രൂപയുടേയും എസ്റ്റിമേറ്റുകൾ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ ഭരണാനുമതിക്കായി സമർപ്പിക്കുകയും പ്രസ്തുത പ്രവൃത്തികൾക്ക് ബഡ്ജറ്റ് പ്രൊവിഷനില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ലാത്തതുമാണ്. എന്നാൽത്തന്നെയും ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പി. അനിൽകുമാറിന്റെ ആവശ്യം പരിഗണിച്ച് പ്രസ്തുത റോഡുകൾ ഒ.ഡി.ആർ.കളുടെ അപ്ഗ്രഡേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുവാനാവശ്യമായ തുക അനുവദിക്കുന്നതാണ്.

## (8) സ്ഥലമെടുപ്പ് നടപടികൾ

ശ്രീ. എം. എം. മോനായി: സർ, കുന്നത്തുനാട് മണ്ഡലത്തിലൂടെ കടന്നുപോകുന്ന കൊച്ചി-മധുര ദേശീയ പാതയുടെ തൃപ്പൂണിത്തുറ ബൈപ്പാസിനായി തിരുവാണിയൂർ ഗ്രാമപഞ്ചായത്തിലെ മറ്റക്കുഴി മുതൽ തിരുവാങ്കുളം വരെയുള്ള ഭാഗത്തെ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനായി വർഷങ്ങൾക്കുമുമ്പ് നോട്ടിഫിക്കേഷൻ നടത്തുകയും സർവ്വേ നടപടികൾ പൂർത്തീകരിച്ച് കല്ല് സ്ഥാപിച്ചിട്ടുള്ളതുമാണ്. എന്നാൽ അക്വിസിഷന് ആവശ്യമായ ഫണ്ടില്ല എന്ന കാരണത്താൽ ഏറ്റെടുക്കൽ നടപടി മുന്നോട്ടു പോകാതെ വരികയും നോട്ടിഫിക്കേഷൻ ഡി-നോവോ ആവുകയും ചെയ്തു. സ്ഥലം ഉടമകളെ സംബന്ധിച്ചിടത്തോളം ഈ സ്ഥലം ക്രയവിക്രയം നടത്തുവാനോ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനോ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുകയാണ്. ആയതിനാൽ പ്രസ്തുത ബൈപ്പാസിന്റെ സ്ഥലമെടുപ്പ് നടപടികൾ പരമാവധി ആറ് മാസത്തിനകം പൂർത്തിയാക്കുവാൻ കഴിയുന്ന വിധത്തിൽ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, കൊച്ചി-മധുര ദേശീയ പാതയിൽ തൃപ്പൂണിത്തുറ ബൈപ്പാസ് റോഡിനുവേണ്ടി മറ്റക്കുഴി മുതൽ തിരുവാങ്കുളം വരെയുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് 6-2-2004-ൽ 657 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കി ഭൂവുടമകൾക്ക് ഇതുവരെ 604 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയതിട്ടുണ്ട്. ആദ്യ എസ്റ്റിമേറ്റിൽ ബേസിക് വാല്യുവേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ വീഴ്ച വന്നതുകൊണ്ട് അത് പുതുക്കി നിശ്ചയിക്കേണ്ടിവന്നു. അപ്രകാരം 17.275 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റിന് കേന്ദ്ര അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും സ്ഥലമേറ്റെടുക്കൽ നടപടികൾ പുനരാരംഭിക്കുന്നതിനുമാണ്

LIBRARY ARCHIVES Kerala Legislative Assembly